LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ജില്ലകളും സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ

20(*140) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അവ ഏതെല്ലാം ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളും സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ : എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ 2011 ഫെബ്രുവരി 20-ാം തീയതി സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലകളായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

(ബി) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 60 മണ്ഡലങ്ങൾ ഇതുവരെയായി സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 20-ഓടു കൂടി 76 മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാവും. മാർച്ച് മാസം അവസാനത്തോടു കൂടി സംസ്ഥാനത്ത് നൂറ് മണ്ഡലങ്ങളെങ്കിലും സമ്പൂർണ്ണ വൈദ്യുതീകൃതമാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്.

കശുവണ്ടിത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണം

21(*141) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടിത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ :

(ബി) തൊഴിലാളികളുടെ കൂലിയിൽ ഡി.എ. ലയിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവോ ;

(ഡി) ഇത്തരത്തിൽ തൊഴിലാളികളുടെ കൂലിയിൽ ഡിഎ ലയിപ്പിക്കുന്നതിനെതിരെ തൊഴിലാളി സംഘടനകൾ നൽകിയ നിവേദനങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ഇ) പ്രസ്തുത ആവശ്യം അംഗീകരിക്കുന്നതിന് തയ്യാറാകുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ.

(എ) കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി 3-1-2011-ലെ സ.ഉ.(കൈ) നമ്പർ 1/2011/ലേബർ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) സാധാരണയായി മിനിമം കൂലി പരിഷ്കരിക്കുന്ന വേളയിൽ നിലവിലുള്ള ക്ഷാമബത്ത അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചാണ് വേതനം പരിഷ്കരിക്കാറുള്ളത്. അതുപോലെ കശുവണ്ടി മേഖലയിൽ വേതനം പരിഷ്കരിക്കുന്നതിന് നിലവിലുണ്ടായിരുന്ന ക്ഷാമബത്ത പോയിന്റായ 15275 പോയിന്റിൽ 10850 പോയിന്റ് വരെ 2007-ൽ വേതനം പുതുക്കിയപ്പോൾ അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചിരുന്നു. ശേഷിക്കുന്ന 4425 ക്ഷാമബത്ത പോയിന്റിൽ 4000 പോയിന്റിന് തുല്യമായ 24 രൂപ അടിസ്ഥാന വേതനത്തിൽ ലയിപ്പിച്ചു.

(സി) മിനിമം വേജസ് കമ്മിറ്റി വിവിധ സ്ഥലങ്ങളിൽ തെളിവെടുപ്പ് നടത്തുന്ന അവസരത്തിൽ വ്യക്തികൾ, സംഘടനകൾ എന്നിവരിൽനിന്നും തെളിവ് ശേഖരിക്കാറുണ്ട്. എന്നാൽ കൂലിയിൽ ഡി.എ. ലയിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി പ്രത്യേക ചർച്ചയൊന്നും നടത്തിയിട്ടില്ല.

(ഡി&ഇ) കശുവണ്ടി തൊഴിലാളികളുടെ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട നിവേദനങ്ങളാണ് കമ്മിറ്റിക്ക് പ്രധാനമായും ലഭിച്ചിരുന്നത്. എന്നാൽ വേതനത്തിൽ ക്ഷാമബത്ത ലയിപ്പിക്കുന്നത് സംബന്ധിച്ച് ഐ.എൻ.ടി.യു.സി. പ്രതിനിധിയും കമ്മിറ്റിയിലെ അംഗവുമായ ശ്രീ. വി. സത്യശീലനിൽ നിന്നും പരാതി ലഭിച്ചിരുന്നു. കമ്മിറ്റിക്ക് ലഭ്യമായ തെളിവുകൾ പരിശോധിച്ച അവസരത്തിൽ ടിയാന്റെ നിവേദനം പരിശോധനാ വിധേയമാക്കിയിരുന്നു. 3-1-2011-ൽ കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവായശേഷം ഇതേ ആവശ്യം മുൻനിർത്തി 5-1-2011 തീയതിയായുള്ള ഒരു നിവേദനം ശ്രീ. സത്യശീലനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly